അതിജീവിതകൾക്ക് സമഗ്ര പിന്തുണ ഉറപ്പാക്കാൻ 'SPEAK UP TO STAND UP' പദ്ധതി: മന്ത്രി ബിന്ദു കൃഷ്ണ

വനിതാ കമ്മീഷൻ സംഘടിപ്പിച്ച സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ ഇല്ലാതാക്കുന്നതിനുള്ള അന്താരാഷ്ട്ര ദിനാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിച്ചു

തിരുവനന്തപുരം: അതിക്രമങ്ങളെ അതിജീവിച്ച സ്ത്രീകൾക്ക് സമഗ്ര പിന്തുണയുംസാമ്പത്തികശാക്തീകരണവുംഉറപ്പാക്കിസ്വയംപര്യാപ്തതയിലേക്ക് നയിക്കുന്ന 'SPEAK UP TO STAND UP' പദ്ധതി വനിതാ ശിശുവികസന വകുപ്പ് മന്ത്രി ബിന്ദു കൃഷ്ണ പ്രഖ്യാപിച്ചു. സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ ഇല്ലാതാക്കുന്നതിനുള്ള അന്താരാഷ്ട്ര ദിനാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം ഗവ വിമൻസ് കോളേജിൽ നിർവഹിക്കുകയായിരുന്നു മന്ത്രി.

അതിക്രമങ്ങളെ അതിജീവിച്ച സ്ത്രീകൾക്ക് ആത്മവിശ്വാസത്തോടെ ജീവിതം പുനർനിർമിക്കാനും സ്വയംപര്യാപ്തതയിലേക്ക് ഉയരാനും പദ്ധതി സഹായകരമാകും. അതിക്രമങ്ങൾ നേരിടുന്ന സ്ത്രീകളുടെ പുനരധിവാസവും സാമ്പത്തിക ശാക്തീകരണവും ലക്ഷ്യമിട്ട് കേരള പോലീസ് ആവിഷ്കരിച്ച 'SPEAK UP' പദ്ധതിയുടെ തുടർച്ചയായാണ് പുതിയ പദ്ധതി നടപ്പാക്കുന്നത്. വനിതാ ശിശുവികസന വകുപ്പ്, സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ, വനിതാ കമ്മീഷൻ എന്നിവയുടെ സംയുക്ത സഹകരണത്തോടെയാകും പദ്ധതി പ്രവർത്തിക്കുക.

ഓരോ അതിജീവിതയുടെയും ആവശ്യങ്ങൾ, താൽപര്യങ്ങൾ, കഴിവുകൾ എന്നിവ വിലയിരുത്തി അവരുടെ അറിവോടെയും സമ്മതത്തോടെയും വ്യക്തിഗത പുനരധിവാസ പദ്ധതി തയ്യാറാക്കും. സുരക്ഷിത താമസം, കൗൺസിലിങ്, മാനസിക, സാമൂഹിക പിന്തുണ, സൗജന്യ നിയമസഹായം, വിദ്യാഭ്യാസം തുടരുന്നതിനുള്ള അവസരങ്ങൾ, തൊഴിൽ, നൈപുണ്യ പരിശീലനം എന്നിവ ലഭ്യമാക്കും. വനിതാ വികസന കോർപ്പറേഷന്റെ സ്വയംതൊഴിൽ പദ്ധതികളും കുടുംബശ്രീ സംവിധാനങ്ങളും പ്രയോജനപ്പെടുത്തി സംരംഭങ്ങൾ ആരംഭിക്കാനും ഉപജീവനമാർഗം കണ്ടെത്താനും സഹായം നൽകും. വനിതാ പ്രൊട്ടക്ഷൻ ഓഫീസർമാർ, 181 മിത്ര ഹെൽപ്പ് ലൈൻ, സഖി വൺ

സ്റ്റോപ്പ് സെന്ററുകൾ എന്നിവയുടെ ഏകോപനത്തിലൂടെ അടിയന്തര സംരക്ഷണവും തുടർസേവനങ്ങളും ഉറപ്പാക്കും.

ഭയമില്ലാതെ നടക്കാനും പഠിക്കാനും ജോലി ചെയ്യാനും ഇഷ്ടമുള്ള ജീവിതം തെരഞ്ഞെടുക്കാനും ഓരോ പെൺകുട്ടിക്കും കഴിയുന്ന കേരളമാണ് ലക്ഷ്യമെന്ന് മന്ത്രി പറഞ്ഞു. സ്ത്രീധനം അന്തസ്സിന്റെയോ അഭിമാനത്തിന്റെയോ അടയാളമല്ലെന്നും നിയമവിരുദ്ധമായ പ്രവണതയാണെന്നും മന്ത്രി ഓർമിപ്പിച്ചു. അതിക്രമവും നിശ്ശബ്ദതയുമല്ല പ്രതികരണവും നിലപാടുമാണ് സമൂഹത്തിൽ സാധാരണമാകേണ്ടത്. ശബ്ദമുയർത്തുന്നിടത്തുനിന്ന് സ്വന്തം കാലിൽ തലയുയർത്തി നിൽക്കുന്നിടത്തേക്ക് ഒരുമിച്ച് മുന്നേറണമെന്നും മന്ത്രി പറഞ്ഞു.

സോഷ്യൽ മീഡിയയിലൂടെയുള്ള അപമാനിക്കൽ, സ്വകാര്യ ചിത്രങ്ങളുടെയും വിവരങ്ങളുടെയും ദുരുപയോഗം, സൈബർ ഭീഷണികൾ തുടങ്ങിയ ഡിജിറ്റൽ അതിക്രമങ്ങളെയും ഗൗരവത്തോടെ കാണണം. അതിക്രമങ്ങൾക്കെതിരെ പ്രതികരിക്കാനും തെറ്റായ പ്രവണതകളെ ചോദ്യം ചെയ്യാനും യുവതലമുറ തയ്യാറാകണം. സ്ത്രീകൾക്ക് സുരക്ഷിതമായി ജീവിക്കാനും അഭിപ്രായങ്ങൾ തുറന്നുപറയാനും കഴിയുന്ന സമൂഹം സൃഷ്ടിക്കാൻ നിയമങ്ങൾക്കൊപ്പം പൊതുസമൂഹത്തിന്റെ മനോഭാവത്തിലും മാറ്റമുണ്ടാകണമെന്നും മന്ത്രി കൂട്ടിച്ചേർത്തു.

'മൗനമല്ല, മറുപടിയാണ്' എന്ന സന്ദേശവുമായി സംഘടിപ്പിച്ച ആർട്ട് വാൾ, വിദ്യാർഥികളുടെ ഫ്ലാഷ് മോബ് മൈം എന്നിവയോടെയാണ് ദിനാചരണ പരിപാടികൾക്ക് തുടക്കമായത്. 'കേൾക്കാം, കരുത്താകാം' എന്ന പേരിൽ മന്ത്രിയും വിദ്യാർഥികളും തമ്മിൽ സംവാദവും പരിപാടിയുടെ ഭാഗമായി സംഘടിപ്പിച്ചിരുന്നു.

വനിതാ കമ്മീഷൻ ചെയർപേഴ്സൺ അഡ്വ. പി. സതീദേവി അധ്യക്ഷത വഹിച്ചു. കൗൺസിലർ രാഖി രവികുമാർ, വനിതാ കമ്മീഷൻ മെമ്പർ സെക്രട്ടറി ബീന വൈ.ബി, ഡയറക്ടർ ജി.എൽ. അജിത് കുമാർ, കോളേജ് പ്രിൻസിപ്പൽ ഡോ. ഉമാജ്യോതി വി., യൂണിവേഴ്സിറ്റി യൂണിയൻ കൗൺസിലർ പാർവതി എസ്.ആർ. എന്നിവർ സംസാരിച്ചു. തുടർന്ന് കേരള പോലീസിന്റെ സ്വയംപ്രതിരോധ പരിശീലന പ്രദർശനം കോളേജിൽ നടന്നു.

അക്ഷയ സംരംഭകർക്കുള്ള സർട്ടിഫിക്കറ്റ് പരിശോധന നവംബർ 30 വരെ

അക്ഷയ കേന്ദ്രങ്ങളിലേക്ക് സംരംഭകരെ തിരഞ്ഞെടുക്കുന്നതിനായി എൽ.ബി.എസ് സെന്റർ ഫോർ സയൻസ് ആൻഡ് ടെക്നോളജി നടത്തിയ ഒ.എം.ആർ പരീക്ഷയിൽ യോഗ്യത നേടിയവർക്കുള്ള സർട്ടിഫിക്കറ്റ് പരിശോധന നവംബർ 30 വരെ നീട്ടി.

അപേക്ഷകർ ഓൺലൈനായി സമർപ്പിച്ച അപേക്ഷയുടെ പകർപ്പ്, അപേക്ഷയോടൊപ്പം സമർപ്പിച്ച എല്ലാ രേഖകളുടെയും അസലും സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും തിരിച്ചറിയൽ രേഖയും സഹിതം തിരുവനന്തപുരം ജില്ലാ കളക്ടറേറ്റിലെ എ ബ്ലോക്കിൽ പ്രവർത്തിക്കുന്ന അക്ഷയ ജില്ലാ പ്രോജക്ട് ഓഫീസിൽ നേരിട്ടെത്തി പരിശോധന പൂർത്തിയാക്കണം.പ്രവൃത്തിദിവസങ്ങളിൽ രാവിലെ 10.30 മുതൽ വൈകിട്ട് 4.30 വരെയാണ് പരിശോധന.

പരിശോധനയുടെ ക്രമവും സമയവും അറിയാൻ lbsedp.lbscentre.in/akshaya26 എന്ന വെബ്സൈറ്റ് സന്ദർശിക്കണം. കൂടുതൽ വിവരങ്ങൾക്ക്: 0471-2334070, 0471-2334080.

15ാം പഞ്ചവത്സര പദ്ധതി:ജില്ലാ തല യോഗം ഡിസംബർ 5ന്

പതിനഞ്ചാം പഞ്ചവത്സര പദ്ധതിയുടെ രൂപീകരണത്തിന് മുന്നോടിയായി തിരുവനന്തപുരം ജില്ലയുടെ വികസന മുൻഗണനകളും ദീർഘകാല വികസന കാഴ്ചപ്പാടുകളും രൂപപ്പെടുത്തുന്നതിനുള്ള ജില്ലാതല യോഗം ഡിസംബർ 5ന് നടക്കും. സംസ്ഥാന ആസൂത്രണ ബോർഡിന്റെ നേതൃത്വത്തിൽ രാവിലെ 10 മണി മുതൽ കോവളം കേരള ആർട്സ് & ക്രാഫ്റ്റ്സ് വില്ലേജിലാണ് യോഗം സംഘടിപ്പിക്കുന്നത്.

രണ്ട് സെഷനുകളിലായി നടക്കുന്ന യോഗത്തിൽ ജില്ലയിലെ മന്ത്രിമാർ, എംപിമാർ, എംഎൽഎമാർ, തദ്ദേശസ്വയംഭരണ സ്ഥാപന അധ്യക്ഷന്മാർ, ജില്ലാതല ഉദ്യോഗസ്ഥർ, വിവിധ വികസന മേഖലകളിലെ വിദഗ്ധർ എന്നിവർ പങ്കെടുക്കും.

കാർഷിക മേഖലയുടെ പുരോഗതി, വ്യവസായ വികസനം, ജലസംരക്ഷണം, കുടിവെള്ള ലഭ്യത, പരിസ്ഥിതി സംരക്ഷണം, ആരോഗ്യം, വിദ്യാഭ്യാസം, തൊഴിൽസൃഷ്ടി, ദാരിദ്ര്യനിർമാർജനം,

പട്ടികജാതി,പട്ടികവർഗ,പിന്നാക്ക വിഭാഗങ്ങളുടെ ക്ഷേമം, വനിതാ ശിശു വികസനം, അടിസ്ഥാന സൗകര്യ വികസനം തുടങ്ങിയ മേഖലകളിൽ ദീർഘകാലാടിസ്ഥാനത്തിലുള്ള വികസന കാഴ്ചപ്പാടുകൾ രൂപപ്പെടുത്തുന്നതിനുള്ള നിർദേശങ്ങൾ യോഗത്തിൽ ചർച്ച ചെയ്യും. പുതുയുഗ കേരളം എന്ന ലക്ഷ്യത്തിലേക്ക് നയിക്കുന്ന വികസന മുൻഗണനകൾ നിർണയിക്കുകയാണ് യോഗത്തിന്റെ പ്രധാന ലക്ഷ്യം.

കനകക്കുന്നിൽ രണ്ടാഴ്ച നീളുന്ന ക്രിസ്മസ്–പുതുവത്സര ആഘോഷങ്ങൾ; ഡിസംബർ 20ന് തുടക്കം

ക്രിസ്മസ്–പുതുവത്സര ആഘോഷങ്ങൾക്ക് മാറ്റുകൂട്ടാൻ 2026 ഡിസംബർ 20 മുതൽ 2027 ജനുവരി മൂന്ന് വരെ കനകക്കുന്നിൽ വകുപ്പ് വിപുലമായ ആഘോഷ പരിപാടികൾ സംഘടിപ്പിക്കും. ടൂറിസം, സാംസ്കാരികം, സിനിമ വകുപ്പ് മന്ത്രി പി.സി വിഷ്ണുനാഥിന്റെ അധ്യക്ഷതയിൽ തിരുവനന്തപുരത്ത് കെ.ടി.ഡി.സി ചൈത്രത്തിൽ ചേർന്ന ആലോചനാ യോഗത്തിലാണ് തീരുമാനം.

തീമാറ്റിക് ഫ്ളവർ ഷോയും കനകക്കുന്നിനെ വർണാഭമാക്കുന്ന ദീപാലങ്കാരങ്ങളുമാണ് പ്രധാന ആകർഷണങ്ങൾ. വൈവിധ്യമാർന്ന രുചിക്കൂട്ടുകളുമായി ഭക്ഷ്യമേളയും വിപുലമായ വ്യാപാരമേളയും സംഘടിപ്പിക്കും. ക്രിസ്മസ്, പുതുവത്സര ദിനങ്ങളിലുൾപ്പെടെ വിവിധ കലാപരിപാടികളും കുട്ടികൾക്കായി ചിത്രരചനാ മത്സരങ്ങളും ഉണ്ടായിരിക്കും.

കഴിഞ്ഞ വർഷത്തേതുപോലെ മുതിർന്നവർക്ക് 50 രൂപയും കുട്ടികൾക്ക് 30 രൂപയുമാണ് പ്രവേശന നിരക്ക്. രാത്രി 10.30 വരെ ടിക്കറ്റ് കൗണ്ടറുകൾ പ്രവർത്തിക്കും. രാത്രി 12 മണിയോടെ പരിപാടികൾ അവസാനിക്കും.

സന്ദർശകരുടെ സുരക്ഷയും സൗകര്യങ്ങളും ഉറപ്പാക്കുന്നതിനായി പോലീസ്, ഫയർഫോഴ്സ്, കോർപ്പറേഷൻ, വാട്ടർ അതോറിറ്റി, ശുചിത്വ മിഷൻ, ആരോഗ്യ വകുപ്പ് എന്നിവയുടെ ഏകോപനത്തോടെയുള്ള പ്രവർത്തനങ്ങൾ യോഗം വിലയിരുത്തി. ഭക്ഷ്യശാലകളിലും സ്റ്റാളുകളിലും ശുചിത്വവും ഗുണനിലവാരവും ഉറപ്പാക്കുന്നതിനും നിരീക്ഷണത്തിനായി സി.സി.ടി.വി ക്യാമറകൾ സ്ഥാപിക്കുന്നതിനും തീരുമാനിച്ചു.

യോഗത്തിൽ എം എൽ എമാരായ എൻ.ശക്തൻ, എം വിൻസെന്റ്, എം ആർ ബൈജു, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി പ്രിയദർശിനി, ടൂറിസം സെക്രട്ടറി കെ ബിജു , ടൂറിസം ഡയറക്ടർ അനു കുമാരി, ജില്ലാ കലക്ടർ അഞ്ജു കെ എസ്, ഡിസിപി ഷഹൻഷാ കെ എസ്, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

കെ.എസ്.ഡി.സി തിരുവനന്തപുരം ജില്ലാ കാര്യാലയത്തിന് പുതിയ ഓഫീസ്; ഉദ്ഘാടനം ഇന്ന് (നവംബർ 26)

സംസ്ഥാന പട്ടികജാതി പട്ടികവർഗ വികസന കോർപ്പറേഷന്റെ നവീകരിച്ച തിരുവനന്തപുരം ജില്ലാ കാര്യാലയത്തിന്റെ ഉദ്ഘാടനവും വായ്പാ വിതരണമേളയും ഇന്ന് (നവംബർ 26ന്) പട്ടികജാതി പട്ടികവർഗ പിന്നാക്ക വിഭാഗ വികസന വകുപ്പ് മന്ത്രി കെ. എ. തുളസി നിർവഹിക്കും. വൈകിട്ട് മൂന്നിന് വെള്ളയമ്പലം കനക നഗറിലെ അയ്യൻകാളി ഭവൻ അങ്കണത്തിൽ നടക്കുന്ന ചടങ്ങിൽ ആരോഗ്യ ദേവസ്വം വകുപ്പ് മന്ത്രി കെ. മുരളീധരൻ അധ്യക്ഷത വഹിക്കും.

നിലവിൽ അയ്യൻകാളി ഭവന്റെ മൂന്നാം നിലയിൽ പ്രവർത്തിച്ചിരുന്ന ജില്ലാ കാര്യാലയമാണ് താഴത്തെ നിലയിലെ നവീകരിച്ച ഓഫീസിലേക്ക് മാറ്റുന്നത്. വിവിധ വായ്പകൾക്കും ധനകാര്യ സേവനങ്ങൾക്കുമായി എത്തുന്നവർക്ക് കൂടുതൽ സൗകര്യപ്രദമായ രീതിയിലാണ് ഓഫീസ് സജ്ജീകരിച്ചിരിക്കുന്നത്.

ചടങ്ങിൽ സർക്കാരിന്റെ നൂറുദിന കർമപരിപാടിയുടെ ഭാഗമായി കോർപ്പറേഷൻ നടപ്പാക്കിയ പദ്ധതികളുടെ പൂർത്തീകരണ റിപ്പോർട്ട് പ്രകാശനവും വിവിധ വായ്പകളുടെ വിതരണവും മന്ത്രി കെ. എ. തുളസി നിർവഹിക്കും. വാമനപുരം എം.എൽ.എ സുധീർ ഷാ പാലോട് മുഖ്യാതിഥിയാകും. പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ ഹിമ. കെ., കെ.എസ്.ഡി.സി മാനേജിങ് ഡയറക്ടർ വി. പി. സുബ്രഹ്മണ്യൻ, നഗരസഭ കൗൺസിലർ കെ. ആർ. ക്ലീറ്റസ്, പട്ടികജാതി വികസന വകുപ്പ് അഡീഷണൽ ഡയറക്ടർ സജീവ് വി, ഡെപ്യൂട്ടി ഡയറക്ടർ അരവിന്ദാക്ഷൻ ചെട്ടിയാർ, കെ.എസ്.ഡി.സി ജില്ലാ മാനേജർ ഡോ. സജിത് കുമാർ. എസ് തുടങ്ങിയവർ പങ്കെടുക്കും.

ഗതാഗത നിയന്ത്രണം

കരമന മുതൽ മേലാറന്തൂർ പാറച്ചിറ വരെയുള്ള റോഡിൽ ടാറിങ് പ്രവൃത്തികൾ നടക്കുന്നതിനാൽ ഇന്നും നാളെയും (നവംബർ 26, 27) ഈ പാതയിൽ പൂർണ്ണമായും ഗതാഗത നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ളതായി പൊതുമരാമത്ത് വകുപ്പ് സിറ്റി റോഡ്സ് സെക്ഷൻ–2 അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു.
മേലാറന്തൂർ എൻ.ജി.ഒ ക്വാർട്ടേഴ്സിനുള്ളിൽ നിന്നും വരുന്ന വാഹനങ്ങൾ കുഞ്ചാലുംമൂട് – പൂജപ്പുര വഴി തിരിഞ്ഞു പോകേണ്ടതാണ്. കരമന ഭാഗത്തു നിന്നും ജഗതിയിലേക്കും, തിരിച്ച് ജഗതിയിൽ നിന്നും കരമനയിലേക്കും പോകുന്ന വാഹനങ്ങൾ സി.ഐ.ടി റോഡ് വഴി തിരിഞ്ഞും പോകണം. ഈ രണ്ട് ദിവസങ്ങളിലും റോഡിന്റെ ഇരുവശങ്ങളിലും വാഹന പാർക്കിംഗ് പൂർണമായും നിരോധിച്ചിട്ടുണ്ട്.

സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾക്കെതിരെ ഐക്യദാർഢ്യം; ഓറഞ്ച് ദ വേൾഡ് വാക്കത്തോൺ സംഘടിപ്പിച്ചു

സ്ത്രീകൾക്കുംപെൺകുട്ടികൾക്കുമെതിരായഅതിക്രമങ്ങളുംലിംഗവിവേചന വും അവസാനിപ്പിച്ച് സമത്വവും സുരക്ഷയും ഉറപ്പാക്കുക എന്ന സന്ദേശവുമായി വനിതാ ശിശുവികസന വകുപ്പിന്റെ നേതൃത്വത്തിൽ ഓറഞ്ച് ദ വേൾഡ് ക്യാമ്പയിന്റെ ഭാഗമായി ജില്ലയിൽ വാക്കത്തോൺ സംഘടിപ്പിച്ചു.

കവടിയാർ വിവേകാനന്ദ പാർക്കിൽ നടന്ന പരിപാടി ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി. പ്രിയദർശിനി ഉദ്ഘാടനം ചെയ്തു. സ്ത്രീധന സമ്പ്രദായം അവസാനിപ്പിക്കേണ്ടതിന്റെ ആവശ്യകത ഉയർത്തിക്കാട്ടി അവർ സ്ത്രീധനവിരുദ്ധ പ്രതിജ്ഞയും ചൊല്ലിക്കൊടുത്തു. തുടർന്ന് വിവേകാനന്ദ പാർക്കിൽനിന്ന് ആരംഭിച്ച വാക്കത്തോൺ മാനവീയം വീഥിയിൽ സമാപിച്ചു.

വാക്കത്തോണിന്റെ സമാപനത്തിൽ ശൈശവവിവാഹത്തിനെതിരായ പ്രതിജ്ഞ ഐ ജി അജിത ബീഗം ചൊല്ലിക്കൊടുത്തു. സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ തടയുന്നതിനും ലിംഗസമത്വം ഉറപ്പാക്കുന്നതിനും സമൂഹത്തിന്റെ മനോഭാവത്തിൽ മാറ്റം അനിവാര്യമാണെന്ന് അവർ സംസാരിച്ചു. സ്ത്രീ വിരുദ്ധ നിലപാടുകൾക്കും പ്രവണതകൾക്കുമെതിരെ കൂട്ടായ പ്രതിരോധം ഉയരണമെന്നും ചൂണ്ടികാട്ടി.

സ്ത്രീകൾക്കും പെൺകുട്ടികൾക്കുമെതിരായ അതിക്രമങ്ങൾ തടയുക, ലിംഗസമത്വം ഉറപ്പാക്കുക, സ്ത്രീധനവും ശൈശവവിവാഹവും ഉൾപ്പെടെയുള്ള സാമൂഹിക തിന്മകൾക്കെതിരെ ബോധവത്കരണം നടത്തുക തുടങ്ങിയ സന്ദേശങ്ങളടങ്ങിയ പ്ലക്കാർഡുകളേന്തിയാണ് പങ്കാളികൾ വാക്കത്തോണിൽ അണിനിരന്നത്. എൻ.സി.സി., എൻ.എസ്.എസ്., എസ്.പി.സി., നിർഭയ വോളന്റിയർമാർ, പാരാലീഗൽ വോളന്റിയർമാർ, വനിതാ ശിശുവികസന വകുപ്പ് ജീവനക്കാർ എന്നിവർ പങ്കെടുത്തു.

വനിതാ ശിശുവികസന വകുപ്പ് ജില്ലാ ഓഫീസർ ഷിംന വി.എസ്., വനിതാ സംരക്ഷണ ഓഫീസർ ഡോ. സുനിത എം.വി., ഐ.സി.ഡി.എസ്. പ്രോഗ്രാം ഓഫീസർ കവിത റാണി രഞ്ജിത്ത്, സങ്കൽപ്പ് ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ നീതു എസ്. സൈനു എന്നിവർ പങ്കെടുത്തു.